# INDIAN SCHOOL SALALAH

## FINAL EXAMINATION 2018-2019

**CLASS -9** **MALAYALAM** **MARKS – 80**

**TOTAL PAGES- 5** **TIME – 3 HRS**

**എ വിഭാഗം / SECTION A**

**1.താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക :**

സാഹിത്യം , അത് കിഴക്കായാലും പടിഞ്ഞാറായാലും പ്രശസ്തമായിരിക്കുന്നത് വിശിഷ്ട സ്ത്രീകഥാപാത്രങ്ങളിലൂടെയാണ് . രാമായണം രാമൻറെകഥയാണ് എന്ന് പറയാറുണ്ട്. "രാമസ്യ അയനം രാമായണം" എന്ന പദക്കൂട്ടം നോക്കുക. എന്നാൽ രാമായണം സീതായനമാണെന്ന് അറിവുള്ളവർ തലകുലുക്കി സമ്മതിക്കും. സീതയുടെ ജീവിതത്തിലൂടെയാണ് രാമായണം വികസിക്കുന്നതും അർത്ഥപുഷ്കലത നേടുന്നതും. രാമായണത്തിൽ നിന്ന് മഹാഭാരതത്തിലേക്കു കടന്നാലോ ! എണ്ണം കൊണ്ട് എത്ര മഹതികളാണ് മഹാഭാരതത്തിൽ! കുന്തി , ഗാന്ധാരി തുടങ്ങിയ സ്ത്രീ കഥാപാത്രങ്ങൾ മഹാഭാരതത്തെ ഇതിഹാസമാക്കി മാറ്റുന്നു . പുരാണങ്ങളിലേക്ക് കടന്നാലോ ? സാവിത്രിയും മറ്റും തേജസ്വിനികളായി ശോഭിക്കുകയാണ് . ഇതിഹാസത്തിൽ നിന്നുള്ളസ്ത്രീ കഥാപാത്രങ്ങളെ ഉജ്ജ്വലതേജസ്സോടെ അവതരിപ്പിക്കുന്ന കൃതികളാ ണ് കാളിദാസൻറെ അഭിജ്ഞാനശാകുന്തളവും മറ്റും. സാമൂഹ്യജീവിതത്തിൽ സ്ത്രീ അബലയും അവശയും അടിമയുമാണ്. എന്നാൽ സാഹിത്യത്തിൽ സ്ത്രീത്വത്തെ അവഗണിക്കുന്ന ഒരു കഥാപാത്രത്തിനുപോലും ചിരസ്ഥായികർമ്മമില്ല. സാഹിത്യത്തിലെ സ്ത്രീ ശാലീനയാണ് , കുലീനയാണ്. പുരുഷന്മാരുടെ മേന്മപോലും സ്ത്രീകളിലൂടെയാണെന്ന് സമർത്ഥിക്കാനാണ് അവർക്കിഷ്ടം. പൌരസ്ത്യ സാഹിത്യത്തിലും ഒരേസ്ഥിതി തന്നെയാണുള്ളത്. യഥാർത്ഥ ജീവിതത്തിൽ സ്ത്രീപുരുഷാധിപത്യത്തിന്കീഴിൽഅടിച്ചമർത്തപ്പെടുകയാണ്. എങ്കിലും സാഹിത്യത്തിൽ അവൾ അനശ്വരമാക്കപ്പെടുകയാണ്.

**(PTO)**

**ചോദ്യങ്ങൾ :-**

1. സാഹിത്യത്തിൻറെ പ്രശസ്തി നിക്ഷിപ്തമായിരിക്കുന്നത് എവിടെയാണ്? 2

2. രാമായണം രാമൻറെ അയനം എന്നതിലുപരി സീതായനമാണ് എന്ന് അറിവുള്ളവർ സമ്മതിക്കുന്നതെന്തുകൊണ്ട് ? 2

3. മഹാഭാരതത്തെ ഇതിഹാസമാക്കി മാറ്റുന്നതിന് സഹായകമായ സ്ത്രീ കഥാപാത്രങ്ങളേവ ? 2

4. കാളിദാസൻറ ശാകുന്തളം പോലുള്ള കൃതികളുടെ പ്രത്യേകതയെന്ത് ? 2

5. യഥാർത്ഥ ജീവിതത്തിലെ സ്ത്രീയും സാഹിത്യത്തിലെ സ്ത്രീയും തമ്മിലുള്ള വ്യത്യാസം എന്ത് ? 2

**ബി വിഭാഗം / SECTION**

(II). **1. ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് രണ്ടു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.** 8

a. പരിസരമലിനീകരണം-ഒരു മഹാവിപത്ത്.
b. വായനാശീലം കുറയുന്നുവോ ?
c. നിങ്ങളെ ഏറ്റവും സ്വാധീനിച്ച വ്യക്തി.

2. **തകർന്നുകിടക്കുന്ന റോഡുകളുടെ അറ്റകുറ്റപ്പണി എത്രയും വേഗം നടത്തണമെന്നാവശ്യപ്പെട്ട് പൊതുമരാമത്ത് വകുപ്പുമന്തിക്ക് ഒരു കത്ത് തയ്യാറാക്കുക.** 8

**സി വിഭാഗം / SECTION C**

3.(a) **പ്രയോഗം മാറ്റുക .** **1**

വാസുദേവൻ സിദ്ധാർത്ഥനോടു പറഞ്ഞു.

(b) **അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക 1**

കതകിനു പിന്നിൽ ശാന്തമ്മ വിവിധവികാരങ്ങളോടെ അയാളെ കാത്തു നിന്നു.

(c) **അംഗവാക്യം - അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക .** 1

ചീവീടുകളുടെ കർക്കശവും നിശിതവുമായ സ്വരങ്ങളോടെ ഭൂഗർഭ കവിയായി വൈലോപ്പിള്ളി മറഞ്ഞിരിക്കുന്നു.

(d) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക .** **1**

ശാന്തമ്മ കട്ടിളപ്പടിയിൽ ചാരിനിന്ന് വേർപാടിൻറെ വിരഹം വിഴുങ്ങി.

(e) **പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക .** **2x1=2**

a. സംഭ്രമങ്ങൾ.

b. കൊഞ്ചിക്കുഴഞ്ഞു.

(f) **വിഗ്രഹിച്ചു സമാസം നിർണ്ണയിക്കുക .** **2x1=2**

a. ജനലഴി

b. മുഗ്ദ്ധസൌന്ദര്യം.

(g) **പര്യായപദങ്ങൾ എഴുതുക .** **2x1=2**

a. ശാന്തി

b. രവം

(h ) **നാനാർത്ഥപദങ്ങൾ എഴുതുക .** **2x1=2**

a. നോട്ടം
b. മന്ന്

(i) **വിപരീതപദം എഴുതുക .** **2x1=2**

a . സഫലം

b. ദൃശ്യം

(j) **പദങ്ങളുടെ അർത്ഥവ്യത്യാസം എഴുതുക .** **2x1=2**

a. നദം-- നാദം

b. കാലം - കോലം

**(PTO)**

(k) **എതിർലിംഗം എഴുതുക .** **1**

a. സഖി

b. അക്രൂര

**ഡി വിഭാഗം / SECTION D**

**4. ശരിയായ ഉത്തരം എടുത്തെഴുതുക** **10x1/2=5**

(a) "കണ്ണൊണ്ടോ നിങ്ങടെ മുഖത്ത്"- ഇങ്ങനെ ചോദിച്ചതാര് ?

( ഭവാനിയമ്മ , ശങ്കരൻകുട്ടി , തൊഴിലാളിസ്ത്രീ , ശാന്തമ്മ )

b. "വജ്രകുണ്ഡലം" എന്നകൃതിയുടെ കർത്താവാര് ?

[വള്ളത്തോൾ, കുമാരനാശാൻ, ഇടശ്ശേരി, കക്കാട്]

c. "പണ്ടൊരു കാട്ടിലെ കാട്ടാളൻ" - ഇവിടെ കാട്ടാളൻ ആര് ?

( വ്യാസൻ , കാളിദാസൻ , വിശ്വാമിത്രൻ , വാല്മീകി )

d. "പഴയൊരോർമ്മകൾ മാതിരി നിന്നു വിറയ്ക്കും---" ആരാണ് വിറയ്ക്കുന്നത്?

[ കവി, താരകങ്ങൾ, നിലാവ് ,രാത്രി ]

e. ദുർമന്ത്രവാദം" ചെയ്യുന്നതാര് ?

( തത്തകൾ , നായ്ക്കൾ , നരികൾ , മൂങ്ങകൾ )

f. സർക്കാർ വക ജീപ്പിൽ വന്നിറങ്ങിയതാര് ?

[ അമ്മ, കമലം, രാധ, ഗോപി ]

g. "കമലദാസ് "എന്ന പേരിൽ അറിയപ്പെട്ട മലയാളി എഴുത്തുകാരിയാര്?

[ വത്സല, മാധവിക്കുട്ടി , സുഗതകുമാരി, വിലാസിനി ]

h. സാഹിത്യത്തിനു നോബൽസമ്മാനം ലഭിച്ച എഴുത്തുകാരനാര് ?

[ ഹെർമ്മൻ ഗുണ്ടർട്ട്, നിത്യചൈതന്യ യതി, ഹെർമ്മൻഹെസ്സെ, അടൂർ]

**(PTO)**

I ) മനസ്സിൽ നൈരാശ്യമുള്ളവർക്ക് മധ്യാഹ്നംപോലും എങ്ങനെയായിരി

ക്കും എന്നാണ് കവി പറയുന്നത്?

( അർദ്ധരാത്രിപോലെ , ഉഷസ്സുപോലെ , സായാഹ്നംപോലെ, പ്രഭാതംപോലെ)

J.) താഴെപ്പറയുന്നതിൽ ഇടശ്ശേരിയുടെ കൃതിയേത് ?

(വിധേയൻ, മതിലുകൾ, കൂട്ടുകൃഷി, നാലുമണിപ്പൂക്കൾ )

**5. A. ഉത്തരമെഴുതുക** **6X4=24**

(i). അക്രൂരൻറെ സ്വഭാവം നിരൂപിക്കുക

(ii) " എത്ര കൊഴുത്ത ചവർപ്പു കുടിച്ചു വറ്റിച്ചു നാം

ഇത്തിരി ശാന്തി തൻ ശർക്കര നുണയുവാൻ."

കവിതയേത് ? കവിയാര് ? ഇതിൻറെ പൊരുൾ കണ്ടെത്തി വിശദീകരിക്കുക.

(iii) ***നാലിതൾപ്പൂവ്*** എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**B.** (i). ശങ്കരൻകുട്ടി എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

(ii). കമലത്തിൻറെ സ്വഭാവം നിരൂപിക്കുക.

(iii). സമകാലിക കവികളിൽ നിന്ന് വൈലോപ്പിള്ളി എങ്ങനെ വ്യത്യസ്തമായിരിക്കുന്നുവെന്ന് '***കവിതയുടെമൃത്യുഞ്ജയത്തെ*** 'അടിസ്ഥാനമാക്കി വിലയിരുത്തുക.

**6. ഏതെങ്കിലും <u>രണ്ടു ചോദ്യങ്ങൾക്കു</u> ഒന്നരപ്പുറത്തിൽ കവിയാതെ**

**ഉത്തരമെഴുതുക.** **2x4=8**

(i). വിശ്വമത മഹാസമ്മേളനത്തിൽ വിവേകാനന്ദൻ വഹിച്ച പങ്കെന്ത് ?

(ii). ബാല്യകാലത്തു തന്നെ ബിലേയിൽ ഒരു സിദ്ധൻറെ ലക്ഷണം തെളി

ഞ്ഞു നിന്നുവെന്ന് പറയപ്പെടുന്നതെന്തുകൊണ്ട് ?

(iii). ലോകമാതാവ് നരേന്ദ്രനു ദർശനീയമാക്കിയ അപൂർവ്വലബ്ധമായ അനുഭൂതി എന്തായിരുന്നു ?

==============================+++==============================